**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6719** **21-03-2023 - ൽ മറുപടിയ്ക്ക്**

**സോഫ്റ്റ്‌വെയറിലെ സെക്യൂരിറ്റി ഫീച്ചറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിവരങ്ങൾ ചോരാതിരിക്കാൻ സോഫ്ട്‌വെയറിൽ എന്തൊക്കെ സെക്യൂരിറ്റി ഫീച്ചറുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ? | (എ) | കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ വിദ്യാർത്ഥികളുടെയും അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിശദാംശങ്ങൾ 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്ത് സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രോഡീകരിക്കുന്ന ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിന്റെ (CERT - India) എംപാനൽ<br>ചെയ്ത ഏജൻസി സുരക്ഷാ ഓഡിറ്റ് നടത്തിയാണ് പ്രസ്തുത സോഫ്റ്റ്‌വെയർ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. സ്കൂൾ, ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല, സംസ്ഥാനതലങ്ങളിൽ പ്രത്യേക ലോഗിനുകൾ നൽകിയിട്ടുണ്ട്. ലോഗിൻ വിവരങ്ങൾ ഹാഷ്<br>അൽഗോരിതങ്ങൾ ഉപയോഗിച്ച് എൻക്രിപ്റ്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഹൈ സെക്യൂരിറ്റി പാസ്‌വേഡ് നൽകുന്നതിനും ഒരു സ്കൂളിന്റെ പ്രൊഫൈലിൽ ഉള്ള വിവരങ്ങൾ മറ്റ് സ്കൂളുകൾക്ക് കാണാൻ സാധിക്കാത്ത വിധത്തിലും വ്യക്തിഗത വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് പരമാവധി ലഭ്യമാക്കാതിരിക്കുന്നതിനും ക്രമീകരണം ഒരുക്കിയിട്ടുണ്ട്. നെറ്റ്‌വർക്ക് തലത്തിൽ തന്നെ ഡാറ്റാ ബേസിന്റെ പബ്ലിക് ആക്സസ് നിയന്ത്രിക്കുകയും വൈറ്റ് ലിസ്റ്റ് ചെയ്ത IP കൾ ഉള്ള സെർവറുകൾക്ക് ഓപ്പൺ ചെയ്തിട്ടുള്ള പോർട്ടുകൾ വഴി മാത്രം ഡാറ്റാ ബേസ് ആക്സസ് സാധ്യമാകുന്ന വിധത്തിലും സെക്യൂരിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ